**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1431** **07-02-2023 - ൽ മറുപടിയ്ക്ക്**

**സ്കൂളുകളിലെ തസ്തിക നിർണ്ണയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ ഏതാനും വർഷങ്ങളായി നടക്കാതിരുന്ന സ്കൂളുകളിലെ അധിക തസ്തിക നിർണ്ണയത്തിന് വേണ്ടിയുള്ള ഫിക്സേഷൻ നടപടികൾ പുനരാരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ 2022-23 അധ്യയന വർഷത്തെ അധിക തസ്തിക ഒഴികെ ഉള്ള തസ്തികകളുടെ തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. അധിക തസ്തിക അനുവദിക്കുന്നതിനും പ്രസ്തുത ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിനും അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | തസ്തിക നിർണ്ണയം നടക്കാത്തത് കാരണം സ്കൂളുകളിൽ അധിക ബാച്ചുകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് വേതനം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്കുള്ള വേതന വിതരണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) | അധിക തസ്തിക അനുവദിക്കുന്ന മുറയ്ക്ക് ഇതു സംബന്ധിച്ച ചട്ട പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. സ.ഉ.(കൈ) 102/2022/GEDN തീയതി 08.06.2022 പ്രകാരം പുതുക്കിയ ചട്ടഭേദഗതികൾ അനുസരിച്ച് നിയമനം നടത്തുന്നതിന് ഉള്ള കാലയളവിൽ അധ്യയനം മുടങ്ങാതിരിക്കുന്നതിനായി ദിവസവേതനാടിസ്ഥാനത്തിൽ താത്കാലിക അധ്യാപകരെ സ്കൂൾ തുറക്കുന്ന തീയതിയിൽ മുതൽ നിയമിക്കുന്നതിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് . |
| (സി) | അധിക തസ്തിക നിർണ്ണയം പൂർത്തിയാകാത്തത് കാരണം പി.എസ്.സി. വഴി നിയമനം ലഭിക്കേണ്ടവർക്ക് ജോലി ലഭിക്കുന്നതിന് കാലതാമസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അധിക തസ്തിക അനുവദിക്കുന്നതിനും പ്രസ്തുത ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിനും അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | ഡി.ഡി.ഇ. തലത്തിൽ പരിഹരിക്കാൻ സാധിക്കാത്ത തസ്തിക നിർണ്ണയത്തിലെ അപാകത പരിഹരിക്കാൻ നിലവിൽ സംസ്ഥാന തലത്തിൽ അപ്പീൽ അതോറിറ്റിയുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവ് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ; | (ഡി) | ഡി.ഡി.ഇ. തലത്തിൽ പരിഹരിക്കാൻ സാധിക്കാത്ത തസ്തിക നിർണ്ണയത്തിലെ അപാകത പരിഹരിക്കാൻ നിലവിൽ സംസ്ഥാന തലത്തിൽ റിവിഷൻ സമർപ്പിക്കേണ്ടത് കേരള വിദ്യാഭ്യാസ ചട്ടം അധ്യായം XXIII ചട്ടം 12 E പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർക്കാണ്. |
| (ഇ) | സർക്കാർ സ്കൂളുകളിൽ ജോലി ചെയ്യുന്ന | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയം |

| | | | |
|---|---|---|---|
| | പ്രധാനാദ്ധ്യാപകരുടെ അർഹമായ പ്രമോഷൻ ആനുകൂല്യം തടഞ്ഞ് വെച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | | പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ